പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1892 — 25.03.2013 ൽ മറുപടിക്ക്

## സ്ത്രീ പീഡനകേസ്സുകൈകാര്യം ചെയ്യുന്നതിന് അതിവേഗ കോടതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ദിവാകരൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനകേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) സ്ത്രീകൾക്കെതിരായ പീഡനങ്ങൾ ഉണ്ടാകുമ്പോൾ പരാതി പ്രകാരമോ സ്വമേധയായോ നിലവിലുള്ള നിയമപ്രകാരം കേസുകൾ രജിസ്റ്റർചെയ്യുകയും വനിതാ പോലീസിന്റെ സഹായം തേടിക്കൊണ്ട് കുറ്റമറ്റ രീതീയിലുള്ള അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ എല്ലാ ജില്ലാ പോലീസ് ആസ്ഥാനത്തും വനിതാ പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് വനിതാ സെല്ലുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാന തലത്തിൽ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു സംസ്ഥാന വനിതാ സെല്ലും പ്രവർത്തിച്ചുവരുന്നു. ഇവിടെ സ്ത്രീകളുടെ പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുകയും സ്ത്രീകൾ പരാതിക്കാരായ കേസുകളിലെ അന്വേഷണത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകി വരുകയും ചെയ്യുന്നു.<br>ഇതിനു പുറമേ സ്ത്രീകൾക്കും, പെൺകുട്ടികൾക്കും എതിരെയുള്ള |

പെൺവാണിഭം, ബലാൽസംഗം മുതലായ കുറ്റകൃത്യങ്ങളിൽ കേസന്വേഷണവും അനന്തര നടപടികളും കൂടുതൽ ത്വരിതഗതിയിലും ഫലപ്രദവുമാക്കുന്നതിനായി ഡോ. ബി. സന്ധ്യ ഐ.പി.എസ്. ന്റെ നേതൃത്വത്തിൽ ശ്രീമതി ഉമാ ബഹറ ഐ.പി.എസ്., ശ്രീമതി അജിതാ ബീഗം ഐ.പി.എസ്., ശ്രീമതി ചന്ദൻ ചൗധരി ഐ.പി.എസ്. എന്നീ ഉദ്യോഗസ്ഥർ അംഗങ്ങളായി ഒരു വനിതാ ഇൻവെസ്റ്റിഗേഷൻ ടീം (Women Investigation Team – WIT) രൂപീകരിച്ചിട്ടുണ്ട്. പീഡന കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും One stop crisis cell സാമൂഹ്യ നീതിവകുപ്പിന്റെ പദ്ധതിയായ 'നിർഭയ' വഴി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിലൂടെ വനിതാ അഭിഭാഷകയുടെ സേവനവും ലഭ്യമാക്കുന്നുണ്ട്.

(ബി) ഇതിനായി അതിവേഗ കോടതികൾ എവിടെയെല്ലാമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സ്ത്രീപീഡന കേസുകൾ കാര്യക്ഷമമായും വേഗത്തിലും നടത്തുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിക്കുവാൻ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഹൈക്കോടതിയോട ഭ്യർത്ഥിച്ചിരുന്നു. ഹൈക്കോടതി നിർദ്ദേശപ്രകാരം ഇപ്പോൾ എറണാകുളത്ത് അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് (അതിവേഗ) കോടതി സ്ഥാപിക്കുകയും ആയത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പീഡനത്തിനു വിധേയരായ സ്ത്രീകളെയും കുട്ടികളെയും പുനഃരധിവസിപ്പി

(സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമ

ക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരി ച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ങ്ങൾ തടയുന്നതിനായി കേരള സർക്കാർ അംഗീകരിച്ച് നടപ്പിലാ ക്കിവരുന്ന നൂതന പദ്ധതിയായ നിർഭയയുടെ ഭാഗമായി പീഡന ത്തിന് വിധേയരായ സ്ത്രീക ളെയും കുട്ടികളെയും പുനരധിവ സിപ്പിക്കുന്നതിനായി നിർഭയ ഷെൽറ്റർ ഹോം സാമൂഹ്യനീതി വകുപ്പ് ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ല ക്സിൽ ആരംഭിച്ചിട്ടുണ്ട്. 16 ഓളം അന്തേവാസികൾ ഉള്ള പ്രസ്തുത ഹോമിൽ ഇവർക്കാവശ്യമായ വിദ്യാഭ്യാസ തൊഴിൽ പരിശീലന ങ്ങൾ ഉൾപ്പെടെയുള്ള പുനരധി വാസ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ